ന്യൂനപക്ഷഭാഷാ പ്രദേശങ്ങളായ തിരുവനന്തപുരം, ഇടുക്കി, പാലക്കാട് എന്നീ കളക്ടറേറ്റുകളിൽ തമിഴ്സെല്ലും, കാസർഗോഡ് കളക്ടറേറ്റിൽ കന്നഡ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി മുഖ്യമന്ത്രി ചെയർമാനായി ഒരു സംസ്ഥാനതലകമ്മിറ്റിയും ജില്ലാകളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി & ഡി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ പരിഗണനയിലില്ല.

ദളിത് ക്രൈസ്തവർക്ക് സംവരണം

50 (984) ശ്രീ. മാത്തൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദളിത് ക്രൈസ്തവരെ പട്ടികജാതി, പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ട് 28-6-1995-ൽ ഒരു കത്ത് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ പ്രസ്തുത കത്തിന് സംസ്ഥാന ഗവൺമെന്റ് മറുപടി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം മറുപടി നല്കിയിട്ടില്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ഡി) ദളിത് ക്രൈസ്തവർക്ക് സംവരണം ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ശക്തമായി സമ്മർദ്ദം ചെലുത്താൻ സർക്കാർ സന്നദ്ധമാവുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി-ഡി) ക്രിസ്തുമതം സ്വീകരിച്ച മുൻ പട്ടികജാതിക്കാരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെ അനുകൂലിച്ചും പ്രതികൂലിച്ചും സർക്കാരിനു ലഭിച്ചിട്ടുള്ള നിവേദനം ഇപ്പോൾ പരിഗണനയിലാണ്.

ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനത്തിന് പോയവർ

51 (985) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുജറാത്തിൽ ഭൂമികുലുക്കദുരന്തമുണ്ടായപ്പോൾ സംസ്ഥാനത്തു നിന്നും ആദ്യപടിയായി ഏതാനും ഉദ്യോഗസ്ഥരെ അങ്ങോട്ടയച്ചുവോ ;

(ബി) അവർ ആരൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവർ എന്തെല്ലാം വിധത്തിലുള്ള പ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത് ;

(ഡി) ഇതിനുള്ള എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളും സംവിധാനങ്ങളുമായാണ് അവർ പോയത് ;

(ഇ) എന്തു തുകയ്ക്കുള്ള ഏതെല്ലാം മരുന്നുകളും ചികിത്സയ്ക്കുള്ള മറ്റുപകരണങ്ങളും ഈ സംഘം കൊണ്ടുപോയിരുന്നു ;

(എഫ്) അത്യാവശ്യം വേണ്ടിവരുന്ന സാധനങ്ങൾ വാങ്ങുന്നതിന് എന്തുതുക സംഘത്തിന്റെ കൈയിൽ കൊടുത്തയച്ചു ;

(ജി) ഭൂകമ്പബാധിതപ്രദേശത്തെ മലയാളികുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള വാഹന സൗകര്യം ലഭിക്കുന്നതിനും, അവർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിനും ഈ തുക എത്ര ദിവസത്തേയ്ക്ക് മതിയാകുമായിരുന്നുവെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) അയച്ചിരുന്നു.

(ബി) ഉദ്യോഗസ്ഥ സംഘത്തിലുണ്ടായിരുന്നവർ താഴെപ്പറയുന്നവരാണ് :

1. ഡോ. സത്യനാരായണ ഡാഷ്, ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
2. ശ്രീ. വേണുഗോപാൽ കെ. നായർ, പോലീസ് ഇൻസ്പെക്ടർ ജനറൽ.
3. ശ്രീ. കെ. ഉണ്ണികൃഷ്ണൻ, സംസ്ഥാന പ്രോട്ടോക്കോൾ ഓഫീസർ.

മെഡിക്കൽ സംഘത്തിലുണ്ടായിരുന്നവർ ഇനിപ്പറയുന്നവരാണ് :

1. ഡോ. രാധാകൃഷ്ണൻ, ഡെപ്യൂട്ടി ഡി.എം.ഒ., തിരുവനന്തപുരം
2. ഡോ. കൃഷ്ണകുമാർ, അസിസ്റ്റന്റ് സർജൻ, ജനറൽ ആശുപത്രി, തിരുവനന്തപുരം
3. ഡോ. മഹേഷ്കുമാർ, അസിസ്റ്റന്റ് സർജൻ, ജനറൽ ആശുപത്രി, തിരുവനന്തപുരം
4. ശ്രീ. റ്റി. സോമശേഖരൻ നായർ, പുരുഷനഴ്സ്, ജനറൽ ആശുപത്രി, തിരുവനന്തപുരം.
5. ശ്രീ. റ്റി. ബി. വിജയകുമാർ, പുരുഷനഴ്സ്, ജനറൽ ആശുപത്രി, തിരുവനന്തപുരം

(സി) ഗുജറാത്തിലെ ഭൂകമ്പ ബാധിതരെ, വിശിഷ്യാ മലയാളികളെ, ഗുജറാത്ത് സർക്കാരിന്റെയും, അവിടെയുള്ള മലയാളി സംഘടനകളുടെയും സഹകരണത്തോടെ സഹായിക്കുന്നതിനും, ചികിത്സ നൽകുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുജറാത്തിൽ ഭൂമി കുലുക്കമുണ്ടായത് 26-1-2001-ൽ ആണ്. സംഘങ്ങൾ ഗുജറാത്തിലേയ്ക്ക് പോയത് 28-1-2001-ൽ ആണ്. ഗുജറാത്തിലുള്ള മലയാളികളുടെ കേരളത്തിലുള്ള ബന്ധുക്കൾ നല്കിയ വിവരങ്ങളുടെ ആദ്യ ലിസ്റ്റുമായാണ് സംഘം പുറപ്പെട്ടത്. അപ്രതീക്ഷിത സംഭവം എന്നതിനു പുറമെ അവധി ദിനങ്ങളുമായിരുന്നതിനാൽ മറ്റ് മുൻകൂർ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല.

(ഇ) സംഘം മരുന്നുകളും മറ്റുപകരണങ്ങളും കൂടെ കൊണ്ടുപോയിരുന്നില്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ലഭിച്ച മരുന്നുകളും വസ്ത്രങ്ങളും ഗുജറാത്ത് സർക്കാരിന് പിന്നീട് അയച്ചുകൊടുക്കുകയാണ് ചെയ്തത്.

(എഫ്) അത്യാവശ്യചെലവ് നേരിടുന്നതിന് സംഘത്തിന് 50,000 രൂപ നൽകി.

(ജി) സംഘം 3-2-2001 വരെയാണ് ഗുജറാത്തിൽ ഉണ്ടായിരുന്നത്. ഇതുവരെയുള്ള അത്യാവശ്യച്ചെലവുകൾ നേരിടുന്നതിന് ഈ തുക മതിയാകുമായിരുന്നു.

ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം ലഭിച്ചവർ

52 (986) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം റാന്നി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന എത്രയാളുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തുതുക ചികിത്സ സഹായമായും, ചികിത്സ ഒഴികെയുള്ള സഹായമായും അനുവദിച്ചിട്ടുണ്ട് ;

(ബി) ആകെ എന്തു തുകയാണ് ഇത്തരത്തിൽ അനുവദിച്ചത് ;

(സി) ഓരോരുത്തരുടെയും പേരും അനുവദിച്ച തുകയും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം റാന്നി നിയോജക മണ്ഡലത്തിൽപ്പെട്ട 679 പേർക്ക് ചികിത്സാ സഹായമായി 10,39,000 രൂപയും ചികിത്സ ഒഴികെയുള്ള സഹായമായി 8 പേർക്ക് 53,000 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി & സി) ആകെ 10,92,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും റാന്നി നിയോജകമണ്ഡലത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുണ്ട്. ഓരോരുത്തരുടെയും പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.†

† അനുബന്ധം - XV

LIBRARY ARCHIVES Kerala Legislative Assembly